കേരള സാഹിത്യ അക്കാദമി
തൃശൂർ

# കവിതയിലെ ആത്മസമരങ്ങൾ അക്കാദമിമുറ്റം സാന്ദ്രമാക്കി

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവവേദിയിൽ നടന്ന കവിസംഗമം കാവ്യപ്രഭ പടർത്തി. പ്രതിരോധത്തിന്റെയും ആത്മസമരത്തിന്റെയും തീവ്രസംഘർഷങ്ങൾ ആവിഷ്കരിക്കുന്ന വരികൾകൊണ്ട് അക്കാദമിമുറ്റം സാന്ദ്രമായി. അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരുടെ അറിയപ്പെടാത്ത അനുഭവഭൂമികകൾ പ്രത്യക്ഷമാക്കിയ കവിയരങ്ങ് ശ്രദ്ധേയം. പ്രകൃതിയുടെ നാനാഭാവങ്ങളും മനുഷ്യാനുഭവങ്ങളുടെ അനന്തവൈചിത്ര്യങ്ങളും ആവിഷ്കരിക്കുന്ന കവിതകളുടെ അവതരണം കാണികൾക്ക് അവിസ്മരണീയമായ അനുഭവമായി.

അക്കാദമിയംഗം ഏഴാച്ചേരി രാമചന്ദ്രൻ കദനകുതൂഹലം എന്ന കവിത ചൊല്ലി കവിസംഗമം ഉദ്ഘാടനം ചെയ്തു. അക്കാദമിയംഗം ഡോ.സി.രാവുണ്ണി അധ്യക്ഷനായി. മണമ്പൂർ രാജൻബാബു, അക്കാദമിയംഗം എസ്.ജോസഫ്, കെ.ആർ.ടോണി, പി.എൻ.ഗോപീകൃഷ്ണൻ, ഏങ്ങണ്ടിയൂർ ചന്ദ്രശേഖരൻ, ഇ.സന്ധ്യ, അക്കാദമിയംഗം പവിത്രൻ തീക്കുനി, സെബാസ്റ്റ്യൻ, പത്മദാസ്, വർഗീസാന്റണി, വിജേഷ് എടക്കുന്നി, ശ്രീലതാവർമ, ശ്രീജിത്ത് അരിയല്ലൂർ, അലി കടുകശ്ശേരി, ജ്യോതിരാജ് തെക്കൂട്ട്, കൃഷ്ണൻ സൗപർണിക, അഗസ്റ്റിൻ കുട്ടനെല്ലൂർ, അശോകൻ പുത്തൂർ, ചേറ്റുപുഴ ഗോപാലകൃഷ്ണൻ, റോജൻ അരിമ്പൂർ, ഇ.എ.ഷാജു, അഭിരാമി എന്നിവർ കവിതകളവതരിപ്പിച്ചു.

തുടർന്ന്, ഗായത്രിയുടെ ഗസൽ ആലാപനവും നടന്നു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
09.04.2017